(ഡി) സഹകാര്യ ഏജൻസികൾ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് അർഹതപ്പെട്ട ശമ്പളം നൽകിയില്ലെങ്കിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ആ നിയമപ്രകാരവും, മറ്റുള്ളവർക്ക് 1947-ലെ തൊഴിൽതർക്ക നിയമപ്രകാരവും ന്യായമായ വേതനം ലഭിക്കുന്നതിന് തൊഴിൽതർക്കം ഉന്നയിച്ചും പരിഹാരം കാണാവുന്നതാണ്.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മോഡേണൈസേഷൻ പദ്ധതി

* 15 [827] ശ്രീ. വി. ജെ. പൗലോസ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ജെ. ജോയി:
,, എ. പി. അനിൽകുമാർ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മോഡേണൈസേഷനുള്ള പദ്ധതിക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതികളിൽ ബി. ഒ. ടി. സ്കീം പ്രകാരം നടപ്പാക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ വാണിജ്യവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കോഴിക്കോട് ബസ് സ്റ്റേഷനുവേണ്ടി ICICI-KINFRA യുമായി എഗ്രിമെന്റ് വച്ച് കഴിഞ്ഞു. മൂന്നാർ, കാസർഗോഡ്, കോട്ടയം ബസ് സ്റ്റാന്റുകളിൽ വ്യാപാരസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ബി. ഒ. റ്റി. വ്യവസ്ഥയിൽ ചർച്ചകൾ പുരോഗമിക്കുന്നു.

വനിതാഫെഡിന്റെ പ്രവർത്തനലക്ഷ്യങ്ങൾ

* 16 [828] ശ്രീ. പി. നാരായണൻ :
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സഹകരണ സംഘങ്ങളുടെ അപ്പക്സ് ബോഡിയായ വനിതാഫെഡ് രൂപീകരിച്ചതെന്നാണ്; ഇതിന്റെ പ്രവർത്തനലക്ഷ്യങ്ങളെന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനിതാ ഫെഡിന് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) 20-12-2002-ൽ പ്രധാന പ്രവർത്തനലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് ഫണ്ട് സ്വരൂപിച്ച് അംഗസംഘങ്ങൾ മുഖേന വനിതകൾക്ക് സാമ്പത്തിക സഹായം നൽകുക.

2. പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സഹായിക്കുക.

3. വനിതാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കു പരിശീലനം നൽകുക.

4. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

(ബി) നിയമാവലി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ല. 5-3-2003-ൽ കൂടിയ ആദ്യ പൊതുയോഗം തെരഞ്ഞെടുത്ത 7 പേരടങ്ങിയ കമ്മിറ്റിയാണ് ഇപ്പോൾ നിലവിലുള്ളത്.

(സി) ഉണ്ട്. നിയമാവലിക്കും സഹകരണ ചട്ടത്തിനും വിധേയമായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ വ്യവസായ മേഖലകൾ

* 17 [829] ശ്രീ. പി. സി. ജോർജ്ജ്:
,, കെ. കെ. ജയചന്ദ്രൻ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായിക തർക്ക നിയമത്തിന് കീഴിൽ പബ്ലിക് യൂട്ടിലിറ്റി സർവ്വീസിന്റെ പദവി നൽകിക്കൊണ്ട് പുതിയ വ്യവസായ മേഖലകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly